## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1202

03.12.2015 ൽ മറുപടിയ്ക്ക്

### സർട്ടിഫിക്കറ്റിൽ ജാതി ചേർക്കണമെന്ന വ്യവസ്ഥ

**ചോദ്യം**

ശ്രീ.സി.മമ്മൂട്ടി

(എ) സംസ്ഥാനത്ത് നിന്നും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥികളുടെ സർട്ടിഫിക്കറ്റിൽ ജാതി ചേർക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞ അഞ്ചുമാസത്തിനുള്ളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) & (ബി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലും വിദ്യാഭ്യാസ നിയമങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ ബോർഡുകളാണ് ഈ സിലബസ് പ്രകാരം പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥികളുടെ സർട്ടിഫിക്കറ്റ് നൽകി വരുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നിർദ്ദേശം നൽകാനാവില്ല. എങ്കിലും ഇത് സംബന്ധിച്ച് രക്ഷിതാക്കളുടെ ബുദ്ധിമുട്ട് സംബന്ധിച്ച് ലഭിച്ച പരാതി സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ ബോർഡിന് അയച്ചിരുന്നു. മറുപടിയൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ